**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ–സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ഒക്ടോബർ 6, വെള്ളി

നിയമസഭ രാവിലെ 8–30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) മീനച്ചിൽ നദീതട പദ്ധതി അടിയന്തിരമായി നടപ്പാക്കണമെന്ന ആവശ്യം

ശ്രീ. തോമസ് ചാഴികാടൻ : മീനച്ചിൽ ആറിന്റേയും അനുബന്ധ തടാകങ്ങളുടേയും വേമ്പനാട്ടു കായലിന്റേയും മലിനീകരണം തടയുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ടൂറിസം മേഖലയുടെ വികസനത്തിനും ഉതകുന്ന ഒന്നാണ് കോട്ടയം ജില്ലയിലെ മീനച്ചിൽ നദീതട പദ്ധതി. മൂവാറ്റുപുഴ ഒഴികെയുള്ള മറ്റെല്ലാ നദികളിലും വേനൽക്കാലത്ത് വെള്ളം കുറയുന്നതിനാൽ കുടിവെള്ളക്ഷാമവും കൃഷിക്കാവശ്യമായ ജലത്തിനും ദൗർലഭ്യം നേരിടുന്നു. കോട്ടയം ജില്ലയിലെ 45 കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സാണ് മീനച്ചിൽ ആറ്. ഈ നദിയിലെ നീരൊഴുക്ക് കുറയുന്നതിനാൽ വേമ്പനാട്ടു കായലിലും ഇതിനോടുചേർന്നുള്ള നദികളിലും

പാടശേഖരങ്ങളിലുമൊക്കെ രൂക്ഷമായ ഓരുവെള്ള ഭീഷണിയുമുണ്ട്. നെൽകൃഷിയേയും കുടിവെള്ള സ്രോതസ്സുകളേയും രക്ഷിക്കുന്നതിനായി ലക്ഷക്കണക്കിനു രൂപ മുടക്കി നിരവധി ഓരുമുട്ടുകൾ നിർമ്മിക്കാറുണ്ടെ ങ്കിലും ഓരുവെള്ളം കയറി കോടിക്കണക്കിനു രൂപയുടെ നെൽകൃഷി നഷ്ട പ്പെടുന്നു. നദീതീരത്തുള്ള ജനവാസ കേന്ദ്രങ്ങളിൽനിന്നും ഒഴുകിയെത്തുന്ന മാലിന്യങ്ങൾകൊണ്ട് ഈ പ്രദേശത്തെ ജലസ്രോതസ്സുകളാകെ മലിനീകരിക്ക പ്പെടുന്നതുമൂലം ധാരാളം പകർച്ചവ്യാധികൾ വ്യാപിക്കുന്നു. നീരൊഴുക്ക് കുറഞ്ഞ് നിശ്ചലമാകുന്ന ജലാശയങ്ങളിൽ പോളയും മറ്റും നിറഞ്ഞ് മലിനീ കരിക്കപ്പെടുന്നതു കൂടാതെ ജലഗതാഗതത്തിനും തടസ്സമാകുന്നു. ഈ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം വേനൽക്കാലത്ത് മീനച്ചിൽ ആറ്റിൽ നീരൊഴുക്ക് വർദ്ധിപ്പിക്കുക മാത്രമാണ്. അതുവഴി കോട്ടയം ജില്ലയിലെ മലിനീകരണ ഭീഷണി ഒഴിവാക്കുന്നതിനും കുടിവെള്ളക്ഷാമം പരിഹരി ക്കുന്നതിനും പകർച്ചവ്യാധികൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും കാർഷി കോൽപാദനം വർദ്ധിപ്പിക്കുന്നതിനും ജലഗതാഗതം മെച്ചപ്പെടുത്തുന്നതിനും ടൂറിസം മേഖലയ്ക്ക് ഉണർവ്വുണ്ടാക്കുന്നതിനും മീനച്ചിൽ ആറിനേയും വേമ്പനാട്ടുകായലിനേയും രക്ഷിക്കുന്നതിനും കഴിയും. 1989–ൽ നെതർലാൻഡിലെ അഗ്രിക്കൾച്ചറൽ ഐഡന്റിഫിക്കേഷൻ മിഷൻ ഇൻഡ്യ സന്ദർശിച്ച അവസരത്തിൽ പരിഗണിച്ച ഒന്നായിരുന്നു കുട്ടനാടിന്റെ പരിസ്ഥിതി പ്രശ്നങ്ങളും വാട്ടർ മാനേജുമെന്റും സംബന്ധിച്ച പ്രശ്നങ്ങൾ. ഇതിനായി തയ്യാറാക്കിയ 65 കോടി രൂപയുടെ പ്രോജക്ടിന് കഴിഞ്ഞ ഗവണ്മെന്റ് 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും കേന്ദ്ര ഗവണ്മെന്റ് ലാൻഡ് അക്വിസിഷനുവേണ്ടി 2 കോടി രൂപ അനുവദിക്കുകയും ചെയ്തി രുന്നു. ഇതിന്റെ ഒന്നാം ഘട്ടം നടപ്പാക്കാൻ ഇപ്പോൾ ബഡ്ജറ്റിൽ തുകയില്ല.

നേരത്തെ ഉൾപ്പെടുത്തിയിരുന്ന 5 കോടി രൂപ സപ്ളിമെന്ററി ബഡ്ജറ്റിൽ ഉൾപ്പെടുത്തി സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ച് ഈ പദ്ധതി നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

(ശ്രീ. പി. സി. ജോർജ് ഇതുസംബന്ധിച്ച് ഒരു സബ്മിഷന് നോട്ടീസ് നൽകിയിരുന്നു.)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : കോട്ടയം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഇറിഗേഷൻ പ്രോജക്ടായ ഇതിനെ വിവിധോദ്ദേശ ഇറിഗേഷൻ പ്രോജക്ട് എന്ന നിലയിൽ വേണ്ടത്ര ഗൗരവത്തോടുകൂടിയാണ് ഗവണ്മെന്റ് കാണുന്നത്. മൂവാറ്റുപുഴ ബേസിനിൽനിന്നും മൂന്നംഗവയലിൽ ഒരു വിയർ നിർമ്മിച്ചും ആറക്കുളം മുതൽ കാടാമ്പുഴ വരെ 6.5 കിലോമീറ്റർ ടണൽ നിർമ്മിച്ചും മീനച്ചിൽ ബേസിനിലേയ്ക്ക് വെള്ളം തുറന്നുവിടുന്നതിനുള്ള ഒരു പദ്ധതിയാണിത്. 9489 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാക്കുന്നതിനുവേണ്ടിയാണ് ഈ ജലസേചന പദ്ധതി രൂപകൽപന ചെയ്തത്. നിരവധി കുടിവെള്ള പദ്ധതികൾക്ക് പ്രയോജനം നൽകുന്ന ഒരു പദ്ധതി എന്ന നിലയിൽ ഇതിനെ പൂർണ്ണമായും അംഗീകരിക്കുന്നു. ഈ വിയറിന്റെ നിർമ്മാണത്തിനും ടണലിനുംവേണ്ടി ഏകദേശം 65 കോടി രൂപ ചെലവുവരും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനുവേണ്ടി 2 കോടി രൂപ കേന്ദ്ര ഗവണ്മെന്റ് അധികസഹായം നൽകിയെങ്കിലും സ്ഥലമെടുപ്പ് പ്രക്രിയ പൂർത്തിയാകാത്തതുകൊണ്ട് ആ പണം ചെലവഴിക്കാൻ കഴിഞ്ഞില്ല. അത് ഈ വർഷത്തെ സപ്ളിമെന്ററി ബഡ്ജറ്റിൽ ഉൾപ്പെടുത്തി അവതരിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിൽ നടപ്പാക്കിയിട്ടുള്ള വിവിധ ഇറിഗേഷൻ പ്രോജക്ടുകളെക്കുറിച്ച് സമഗ്രമായ ഒരു പഠനം നടത്താൻ ഗവണ്മെന്റ് ആഗ്രഹിക്കുന്നുണ്ട്. എത്രയും പെട്ടെന്ന് ആ ഫീസിബിലിറ്റി സ്റ്റഡി

പൂർത്തിയാക്കിയതിനുശേഷം ആവശ്യമായ തുക ഉൾക്കൊള്ളിച്ച് ഈ പദ്ധതി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കുട്ടനാടിന്റെയും വേമ്പനാട്ടുകായലിന്റെയും സംരക്ഷണത്തിനും ഓരുവെള്ളം തടയുന്ന തുൾപ്പെടെയുള്ള പ്രക്രിയകൾക്കും സഹായകരമാകുന്ന ഈ പ്രോജക്ട് ഇന്റർനാഷണൽ എക്സ്പെർട്ട്സ് പഠനം നടത്തി ഒരു പ്രോജക്ടുണ്ടാക്കി നടപ്പാക്കും എന്ന് പ്രധാനമന്ത്രി തന്നെ ഉറപ്പ് നൽകിയിട്ടുണ്ട്. എത്രയും പെട്ടെന്ന് ഈ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കാനും ഫീസിബിലിറ്റി സ്റ്റഡി നടത്തി ഈ പദ്ധതി നടപ്പാക്കാനുമാവശ്യമായ നടപടി സ്വീകരി ക്കുന്നതാണ്.

## (2) ഖാദി മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.പി. മോഹനൻ : ഖാദി ഗ്രാമ വ്യവസായം ഇന്ന് ഒട്ടേറെ പ്രതിബന്ധങ്ങൾ നേരിടുകയാണ്. തിരുവനന്തപുരം മുതൽ കാസർകോടു വരെ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ഖാദി വ്യവസായത്തിന്റെ വലിയ ശൃംഖല തന്നെയുണ്ട്. എന്നാൽ പല ഉൽപാദന മേഖലകളും വിപണന കേന്ദ്രങ്ങളും ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. കേരളപ്പിറവിയുടെ 50-ാം വാർഷികം ആഘോഷിക്കുന്ന ഈ വർഷം തന്നെയാണ് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന്റെ 50-ാം വാർഷികവും. വളരെ ഉൽസാഹത്തോടുകൂടി ഈ മേഖലയെ സർക്കാർ പ്രോൽസാഹിപ്പിക്കേണ്ടിയിരിക്കുന്നു. ഗ്രാമീണ വ്യവസായവുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി വിഭാവന ചെയ്ത ഈ വ്യവസായം വ്യക്തിക്കും സമൂഹത്തിനും പരിസ്ഥിതിക്കും അനുകൂലമായ ഉൽപന്നങ്ങളാണ് നിർമ്മിക്കുന്നത്. ഭൂരിഭാഗവും സ്ത്രീകളാണ് ഈ മേഖല യിൽ ജോലി ചെയ്യുന്നത്. സംസ്ഥാനത്തെ നിരവധി ഖാദി വ്യവാസായ

യൂണിറ്റുകൾ ഇന്ന് അടച്ചുപൂട്ടൽ ഭീഷണിയിലാണ്. ഖാദി കമ്മിഷൻ നിലവിൽ വന്നപ്പോൾ നൽകിവന്നിരുന്ന ഗ്രാന്റും കുറഞ്ഞ പലിശനിരക്കും നിർത്തലാക്കിയതോടുകൂടി കുടിശ്ശിക അടയ്ക്കാൻ കഴിയാതെ യൂണിറ്റുകൾ ജപ്തി നടപടി അഭിമുഖീകരിക്കുകയാണ്. ഖാദി വ്യവസായികളും തൊഴിലാളികളും ഇന്ന് ആത്മഹത്യയുടെ വക്കിലാണ്. ഖാദി തുണിത്തരങ്ങൾക്ക് വാറ്റ് ഒഴിവാക്കിയിട്ടുള്ളതുപോലെ ഖാദിയുടെ അസംസ്കൃത സാധനങ്ങളെയും 'വാറ്റി'ൽനിന്നും ഒഴിവാക്കണം. സുവർണ്ണ ജൂബിലി വർഷത്തിൽ ഖാദി യൂണിറ്റുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പയും ഗ്രാന്റും സബ്സിഡിയും നൽകി പ്രോൽസാഹിപ്പിക്കണം. കടക്കെണിയിൽപ്പെട്ട ഖാദി യൂണിറ്റുകളേയും വ്യവസായികളേയും പലിശയിൽനിന്ന് ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ വഴി സഹായിക്കണം. ഖാദി ഉൽപ്പന്നങ്ങൾ കുടിൽ വ്യവസായമായി ആരംഭിക്കാൻ വ്യക്തികൾക്കും കുടുംബശ്രീകൾക്കും പ്രോൽസാഹനം നൽകുകയും അവരുടെ ഉൽപന്നങ്ങൾ സംഭരിക്കാനും വിറ്റഴിക്കാനുമുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യണം. ഖാദിക്ക് സ്പെഷ്യൽ റിബേറ്റ് അനുവദിക്കണം. ഖാദി തൊഴിലാളികൾക്ക് ഇൻഷ്വറൻസ്, ക്ഷേമനിധി എന്നിവ നടപ്പാക്കണം. കേന്ദ്രം പട്ടുനൂൽ കൃഷിക്കുവേണ്ടി നൽകിവരുന്ന ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും സംസ്ഥാനത്തിനും നേടിയെടുക്കാൻ നടപടി സ്വീകരിക്കണം. ഗ്രാമങ്ങളിലെ വീടുകളിൽ പട്ടുനൂൽ കൃഷി ചെയ്യിപ്പിച്ച് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കണം. വിവിധ ഡിപ്പാർട്ടുമെന്റുകളെ ഖാദി തുണികൾ വാങ്ങാൻ പ്രോൽസാഹിപ്പിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ഖാദി മേഖലയിലെ തൊഴിലാളികൾക്ക് ആവശ്യമായ സ്ലൈവർ തടസ്സംകൂടാതെ നൽകി

വരുന്നുണ്ട്. തൊഴിലാളികൾക്ക് ഖാദി കമ്മിഷൻ അംഗീകരിച്ച കോസ്റ്റ് ചാർട്ട് പ്രകാരമുള്ള കൂലി നൽകിവരുന്നുണ്ട്. ഖാദി ഉൽപ്പന്നങ്ങളുടെ വില ഇതര ഉൽപ്പന്നങ്ങളെ അപേക്ഷിച്ച് കൂടുതലായതിനാൽ വിപണന രംഗത്ത് മൽസരം നേരിടേണ്ടിവരുന്നു. ഖാദി വിൽപ്പന മെച്ചപ്പെടുത്തുന്നതിന് റിബേറ്റ് നൽകിവരുന്നു. പഴക്കംചെന്ന ചർക്കകളും തറികളും മാറ്റി സ്ഥാപിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മിനിമംകൂലി നിശ്ചയിച്ചിട്ടില്ല. കേന്ദ്ര സർക്കാർ ഖാദി തൊഴിലാളികൾക്ക് ക്ഷേമനിധിയിൽനിന്നും വിവിധയിനം ധനസഹായങ്ങൾ നൽകിവരുന്നതിനുപുറമെ ഉൽപ്പാദന ഇൻസെന്റീവും നൽകിവരുന്നു. പൂട്ടിക്കിടക്കുന്ന യൂണിറ്റുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അർഹതപ്പെട്ട സ്ഥാപനങ്ങൾക്ക് പലിശ സബ്സിഡി വ്യവസ്ഥയിൽ ബാങ്ക് വായ്പയും തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയുള്ള ധനസഹായവും നൽകുന്നതിന് ഇപ്പോൾ വ്യവസ്ഥയുണ്ട്. ബോർഡിന്റെ ഡിപ്പാർട്ടുമെന്റൽ യൂണിറ്റുകൾക്ക് സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന തുകയും ലഭിക്കുന്നുണ്ട്. വിവിധ വ്യവസായ സാദ്ധ്യതകൾ മനസ്സിലാക്കി സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കൽ, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ഭൗതിക സാഹചര്യങ്ങളൊരുക്കൽ എന്നിവ പരിശോധിക്കുന്നതാണ്. കൂടുതൽ വിൽപ്പന ശാലകൾ ഏജൻസി വ്യവസ്ഥയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മുഴുവൻ ഖാദി തൊഴിലാളികളേയും ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഗിരിവർഗ്ഗ/ ഉപവർഗ്ഗ പദ്ധതി പ്രകാരം സർക്കാരിൽനിന്ന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള

നടപടി സ്വീകരിക്കുന്നതാണ്. പട്ടുനൂൽക്കൃഷി വികസിപ്പിക്കാനും സെറിഫെഡ്ഡിന്റെ പ്രവർത്തനം പ്രോൽസാഹിപ്പിക്കാനും നടപടികൾ കൈക്കൊള്ളുന്നതാണ്. ഖാദിത്തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): വാറ്റ് പ്രകാരം ഉൽപാദകൻ വിൽക്കുമ്പോൾ ഔട്ട്പുട്ട് ടാക്സ് നൽകുന്നുണ്ട്. വാങ്ങിയപ്പോൾ കൊടുത്ത ടാക്സ് കിഴിച്ച് ശിഷ്ടം വരുന്നത് സർക്കാരിന് കൊടുത്താൽ മതി. ഔട്ട്പുട്ട് ടാക്സില്ലെങ്കിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നൽകാൻ കഴിയുകയില്ല; എങ്കിലും അക്കാര്യം പരിശോധിക്കാം. ഉൽപാദകരെ സംബന്ധിച്ചിടത്തോളം ടാക്സിൽനിന്നും ഒഴിവാക്കുന്നത് അവർക്ക് നേട്ടമല്ല.

**സബ്മിഷൻ**

(1) കശുവണ്ടി തൊഴിലാളികളുടെ മിനിമംകൂലി വർദ്ധിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് നടപ്പാക്കണമെന്ന ആവശ്യം

ശ്രീ.കെ.ബി. ഗണേഷ് കുമാർ: യു.ഡി.എഫ്. ഗവണ്മെന്റ് പ്രസിദ്ധീകരിച്ച എക്സ്ട്രാ ഓർഡിനറി നോട്ടിഫിക്കേഷൻ പ്രകാരമുള്ള പുതുക്കിയ മിനിമം വേജസ് കേരളത്തിലെ കശുവണ്ടിത്തൊഴിലാളികൾക്ക് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. തൊഴിലാളികളിൽനിന്നും ഈടാക്കുന്ന ക്ഷേമനിധിയിലേയ്ക്കുള്ള പണം കൃത്യമായി അടയ്ക്കാനും പെൻഷനാകുമ്പോൾ അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കണം. തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): 1999 ജനുവരിയിൽ പുതുക്കി നിശ്ചയിക്കേണ്ട കശുവണ്ടിത്തൊഴിലാളികളുടെ മിനിമം വേജസ് സംബന്ധിച്ച് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുവെങ്കിലും തുടർനടപടിയുണ്ടായില്ല. 11.5.2006-ൽ മിനിമം വേജസ് അഡ്വൈസറി ബോർഡ് ഇതുസംബന്ധിച്ച് ശുപാർശ നൽകിയെങ്കിലും തൊഴിലാളി സംഘടനാ പ്രതിനിധികളും മുതലാളി പ്രതിനിധികളുമായുള്ള ചർച്ചയിൽ 1999-ൽ പ്രഖ്യാപിച്ച കൂലി ചുരുക്കം ചില മുതലാളിമാർ മാത്രമേ നടപ്പിലാക്കുകയുള്ളൂവെന്ന സ്ഥിതി വന്നു. നിലവിലുള്ള മിനിമം വേജസ്പോലും നടപ്പിലാക്കാത്ത സ്ഥാപന ങ്ങളുണ്ട്. ഈ സാഹചര്യത്തിൽ നിലവിലുള്ള കൂലി നടപ്പാക്കണമോ അതോ നോട്ടിഫിക്കേഷൻ ഇറക്കണമോ എന്ന കാര്യം ലേബർ സെക്രട്ടറി, ലേബർ കമ്മീഷണർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടർ, തൊഴിലാളി സംഘടനാ പ്രതിനിധികൾ എന്നിവർ യോഗം ചേർന്ന് ചർച്ച ചെയ്തു. വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടായതിനെത്തുടർന്ന് ഐ.ആർ.സി. കൂടി നിലവിൽ മിനിമം വേജസ് ബോർഡ് ശുപാർശ ചെയ്ത കൂലി നിരക്ക് പരിശോധിച്ച് അവസാന തീരുമാനമെടുക്കുന്നതാണ്.

(2) കൊള്ളയടിച്ച പ്രതികളെ പിടികൂടിയ പോലീസുകാർക്ക് പാരിതോഷികം

ശ്രീ. വി. എൻ. വാസവൻ: കോട്ടയം പാമ്പാടി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ സെപ്റ്റംബർ 26-ാംതീയതി ഒരു സംഘം അക്രമികൾ സ്വർണ്ണ വ്യാപാരികളെ ആക്രമിച്ച് 19.5 കിലോ സ്വർണ്ണം കൊള്ളയടിച്ചതു സംബന്ധിച്ച് കോട്ടയം എസ്.പി.യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം അന്വേഷണം നടത്തി 5 പ്രതികളെ പിടികൂടുകയും 12.5 കിലോ സ്വർണ്ണം കണ്ടുപിടിക്കുകയും ചെയ്തു. ശേഷിച്ച പ്രതികളെ പിടികൂടുന്നതിനും

സ്വർണ്ണം കണ്ടുപിടിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം അതിസാഹസികമായ വിധത്തിൽ പ്രതികളെ പിടികൂടിയ കോട്ടയം എസ്.പി.യുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ടീമിന് പ്രത്യേക അവാർഡ് പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കോട്ടയം എസ്.പി.യുടെ നേതൃത്വത്തിലുള്ള പോലീസ് ടീമിന് അക്രമി സംഘത്തെ പിടികൂടാനും 12.5 കിലോ സ്വർണ്ണം കണ്ടെത്താനും കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. അതുപോലെ ലറ്റർ ബോംബിനു പിന്നിലെ സൂത്രധാരന്മാരെ കണ്ടെത്തുന്നതിന് ദക്ഷിണ മേഖലാ ഐ.ജി.യുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സംഘത്തിനും സാധിച്ചിട്ടുണ്ട്. ഈ രണ്ട് സംഭവങ്ങളും കണക്കിലെടുത്ത് സ്തുത്യർഹമായ സേവനമനുഷ്ഠിച്ച പോലീസുദ്യോഗസ്ഥർക്ക് അർഹമായ പാരിതോഷികം നൽകുന്നതാണ്.

(3) പുനലൂരിൽ സബ് കോടതി സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. കെ. രാജു: സബ് കോടതി സ്ഥാപിക്കുന്നതിന് ഹൈക്കോടതി തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ പുനലൂർ ഉൾപ്പെട്ടിട്ടുണ്ട്. ബാർ അസോസിയേഷനും തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് അവിടെ സബ് കോടതി സ്ഥാപിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്. അടിയന്തിരമായി സബ്കോടതി ആരംഭിക്കുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പുനലൂർ ആസ്ഥാനമാക്കി ഒരു സബ് കോടതി ആരംഭിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. ഹൈക്കോടതിയുടെ മുൻഗണനാക്രമത്തിൽ ഇതിനെ മൂന്നാം നമ്പരായി ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന ഗവൺമെന്റിന്റെ ബാദ്ധ്യതകൂടി കണക്കിലെടുത്ത് പുനലൂർ സബ് കോടതി സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കും.

(4) മല്ലപ്പള്ളി താലൂക്കിൽ നടക്കുന്ന വ്യാപകമായ മോഷണം തടയണമെന്ന ആവശ്യം

ശ്രീ. ജോസഫ് എം. പുതുശ്ശേരി : മല്ലപ്പള്ളി താലൂക്കിൽ നിരവധി വീടുകളിൽ വ്യാപകമായ മോഷണവും കവർച്ചയും നടക്കുകയാണ്. ഇതുമൂലം ജനങ്ങൾ ഭയാശങ്കയിലരാണ്. കീഴ്വാറ്റൂർ, പെരുമ്പടി, കോയിപ്രം, തിരുവല്ല സ്റ്റേഷൻ അതിർത്തികളിലാണ് കവർച്ച നടന്നത്. പോലീസിന്റെ നിസ്സംഗത കാരണം ഇതുവരെ പ്രതികളെ കണ്ടെത്താനായിട്ടില്ല. സംസ്ഥാനത്ത് വ്യാപകമായി നടക്കുന്ന ഇത്തരം സംഭവങ്ങൾ തടയാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മല്ലപ്പള്ളി താലൂക്കിൽ കുന്നന്താനം വില്ലേജിൽ കിഴക്കേക്കര മോഹനചന്ദ്രന്റെ വീട്ടിൽ സെപ്റ്റംബർ 19–ാം തീയതി രാത്രി മോഷണം നടന്നു. മോഹനചന്ദ്രന്റെ ഭാര്യയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. 29.9.2006–ൽ രാജൻ ജേക്കബിന്റെ വീട്ടിൽ നടന്ന മോഷണത്തെ സംബന്ധിച്ചും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. മല്ലപ്പള്ളി പോലീസ് സി.ഐ.യുടെ നേതൃത്വത്തിൽ പ്രത്യേക ടീം രൂപീകരിച്ച് പ്രതികളെ കണ്ടെത്താൻ ശ്രമിക്കുകയാണ്. മറ്റു വീടുകളിൽ നടന്ന മോഷണം സംബന്ധിച്ച് പോലീസിന് പരാതി ലഭിച്ചിട്ടില്ല. കീഴ്വാറ്റൂർ പോലീസ് 5–ഉം പെരുമ്പടി പോലീസ് 3–ഉം തിരുവല്ല പോലീസ് 10–ഉം കോയിപ്രം പോലീസ് 3–ഉം ഭവനഭേദന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മൂന്ന് കേസ്സുകളിൽ പ്രതികളെ കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് മോഷണ സംഭവങ്ങൾ ഇല്ലാതാക്കാൻ രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കോളനികളിലെ റസിഡൻഷ്യൽ അസോസിയേഷനുകളുടെ സഹായം പോലീസിന് ലഭിക്കുന്നുണ്ട്.

(5) ബേക്കൽ കോട്ടയുടെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ലോകപ്രസിദ്ധമായ ബേക്കൽ ടൂറിസ്റ്റ് കേന്ദ്രം വൻതോതിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നുണ്ടെങ്കിലും അവിടെ യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളുമില്ല. ഡി.ആർ.ഡി.സി. മുഖേന ടൂറിസം വികസനത്തിനായി ആറ് കേന്ദ്രങ്ങളിലായി 225 ഏക്കർ സ്ഥലം ഏറ്റെടുത്തതിൽ നാല് റിസോർട്ട് സൈറ്റുകളിൽ സ്വകാര്യ സംരംഭകർ റിസോർട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവിടത്തെ റോഡുകളുടെ അവസ്ഥ ദയനീയമാണ്. ടൂറിസ്റ്റ് സൈറ്റുകളിലേയ്ക്കുള്ള 5 റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നബാർഡ് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ തുക ടൂറിസം ഡിപ്പാർട്ടുമെന്റിന് അനുവദിക്കണം. ചേറ്റൂർ ലെവൽ ക്രോസ്, തിക്കണ്ണാട് അണ്ടർ പാസ്സേജ് എന്നിവയുടെ നിർമ്മാണപ്രവർത്തനം ടൂറിസം ഡിപ്പാർട്ടുമെന്റ് ഡി.ആർ.ഡി.സി.യുടെ സഹായത്തോടെ പൂർത്തിയാക്കണം. 13 കോടി രൂപയുടെ ശുദ്ധജല വിതരണ പദ്ധതിയുടെ ഓവർ ഹെഡ് ടാങ്കുകളുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യണം. ഡി.ആർ.ഡി.സി.ക്ക് കൈമാറിയ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് നവീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ബേക്കൽ ടൂറിസ്റ്റ് പദ്ധതിക്ക് ഇപ്പോൾത്തന്നെ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തടയണ, ശുദ്ധീകരണശാല, മെയിൻ പൈപ്പ് ലൈൻ എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. റിസോർട്ടുകൾക്ക് ആവശ്യമായ വെള്ളം ലഭ്യമാക്കാനുള്ള 12 ജലസംഭരണികളിൽ ഒന്നിന്റെ പണി പൂർത്തീകരിച്ചു. ബാക്കിയുള്ളവയുടെ നിർമ്മാണം ധൃതഗതിയിൽ നടത്തും. ടാങ്കുകളുടെ നിർമ്മാണത്തിനായി ടൂറിസം വകുപ്പിൽനിന്ന് 195 ലക്ഷം രൂപ അനുവദിച്ചു. റിസോർട്ടിലേയ്ക്കുള്ള റോഡിന്റെ പണിക്ക് 130 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ട്. റിസോർട്ടിലേ യ്ക്കുള്ള 18 കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിനായി 4.81 കോടി രൂപ നബാർഡിൽനിന്ന് ലഭ്യമാക്കാൻ പി.ഡബ്ള്യു.ഡി നടപടി സ്വീകരിച്ചുവരുന്നു. 1.85 കോടി രൂപ ലാൻഡ് അക്വിസിഷന് ആവശ്യമായിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ബേക്കൽ കോട്ടയുടെ ചുറ്റുമതിലിനകത്ത് സ്ഥിതി ചെയ്യുന്ന റസ്റ്റ് ഹൗസ് സഞ്ചാരികൾക്ക് തുറന്നു കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വികസനത്തിനുവേണ്ടി 30 ലക്ഷം രൂപ അനുവദിച്ചു. പാർക്കിംഗ് ഏരിയയ്ക്ക് ആവശ്യമായ സ്ഥലമെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ടൂറിസം വകുപ്പ് 55 ലക്ഷം രൂപ അനുവദിച്ചു. ബീച്ച് റിസോർട്ട് നിർമ്മിക്കുന്നതിനായി അഞ്ച് റിസോർട്ട് സെന്ററുകൾ സ്വകാര്യ ഏജൻസികൾക്ക് പാട്ടത്തിന് കൊടുത്തിട്ടുള്ളതിൽ ഒരെണ്ണം ആറ് മാസത്തിനകം കമ്മീഷൻ ചെയ്യും. ബാക്കിയുള്ളതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കുവേണ്ടി കാത്തിരിക്കുകയാണ്. രണ്ടെണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബേക്കൽ ടൂറിസ്റ്റ് കേന്ദ്രം കേരളത്തിലെ

പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാക്കി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. ഇവിടത്തെ റെയിൽവേ സ്റ്റേഷന്റെ പേര് ബേക്കൽ ഫോർട്ട് റെയിൽവേ സ്റ്റേഷൻ എന്നാക്കി മാറ്റുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ വികസനത്തിനായി ഒരു പ്രത്യേക കോൺഫറൻസ് വിളിച്ചുകൂട്ടും. എല്ലാ എം.എൽ.എ.മാരുടെയും സഹായം ഉണ്ടാകണം. എല്ലാ എം.എൽ.എ.മാരേയും ബേക്കൽ ടൂറിസ്റ്റ് കേന്ദ്രത്തിലേയ്ക്ക് ക്ഷണിക്കുകയാണ്.

(6) ഗോവിന്ദപുരം-മംഗലം റോഡിന്റെ പണി

ശ്രീ.വി.ചെന്താമരാക്ഷൻ: തമിഴ്നാടിനെയും കേരളത്തെയും ബന്ധിപ്പിക്കുന്ന ഗോവിന്ദപുരം-മംഗലം റോഡ് കേന്ദ്ര ഗവൺമെന്റിന്റെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി അതിന്റെ വികസനത്തിന് 13 കോടി രൂപ അനുവദിച്ചുവെങ്കിലും ഇതുവരെ പണി ആരംഭിച്ചിട്ടില്ല. റോഡ് പണി ആരംഭിക്കുന്നതിന് എ.എസ്. കിട്ടുന്നതിനുള്ള ശ്രമം നടത്തുന്നതോടൊപ്പം കൊല്ലങ്കോട് മണ്ഡലത്തിൽ മഴയത്ത് തകർന്ന പൊതുമരാമത്ത് റോഡ് സംരക്ഷിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള) : ഗോവിന്ദപുരം-മംഗലം റോഡിന്റെ വികസനത്തിനായി 13 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ദേശീയ പാതയുടെ വിശദമായ എസ്റ്റിമേറ്റും ഡിസൈനും കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് റോഡിന്റെ വികസന പ്രവർത്തനം നടത്തും. കൊല്ലങ്കോട് മണ്ഡലത്തിലെ വിവിധ റോഡുകളുടെ കേടുപാടുകൾ തീർക്കുന്നതിന് 14.95 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പണികൾ ഉടനെ പൂർത്തിയാക്കും.

(7) <u>മലപ്പുറം കോട്ടക്കുന്ന് ടൂറിസം വികസന പദ്ധതി</u>

<u>ശ്രീ. എം. ഉമ്മർ</u> : മലപ്പുറം കോട്ടക്കുന്ന് ടൂറിസ്റ്റ് കേന്ദ്രമായി മാറിയിരിക്കുകയാണ്. 2 കോടി രൂപ ചെലവഴിച്ച് ഒന്നാം ഘട്ട പണി പൂർത്തിയാക്കി. 25,000-ത്തോളം ടൂറിസ്റ്റുകൾ ദിവസവും അവിടം സന്ദർശിക്കുകയാണ്. ആവശ്യമായ ഫണ്ട് ലഭ്യമാക്കി രണ്ടാം ഘട്ട പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: ചരിത്രപ്രസിദ്ധമായ മലപ്പുറം കോട്ടക്കുന്ന് ടൂറിസ്റ്റ് വികസന സാദ്ധ്യതയുള്ള പ്രദേശമാണ്. ഇത് ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിച്ചുവരികയാണ്. 98.50 ലക്ഷം രൂപ ചെലവാക്കി ഒന്നാം ഘട്ട പണി പൂർത്തിയാക്കി. രണ്ടാം ഘട്ട വികസന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് ഇതിന് ആവശ്യമായ തുക നൽകുന്നതാണ്.

(8) <u>പിരിച്ചുവിട്ട കശുവണ്ടിത്തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി</u>

<u>ശ്രീ. എ.എ. അസീസ്</u> : കശുവണ്ടി വികസന കോർപ്പറേഷനിൽനിന്നും കാപ്പെക്സിൽനിന്നും പിരിച്ചുവിട്ട തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകണം. കശുവണ്ടി വികസന കോർപ്പറേഷനിൽ 20000 തൊഴിലാളികളും കാപ്പെക്സിൽ 4500 തൊഴിലാളികളും പണിയെടുക്കുന്നുണ്ട്. കശുവണ്ടി വികസന കോർപ്പറേഷനിൽ സൂപ്പർ ആന്യുവേഷൻമൂലവും അല്ലാതെയും ഏഴായിരത്തിലേറെപ്പേരും കാപ്പെക്സിൽ 1700-ലേറെപ്പേരും പിരിഞ്ഞുപോയി. ഈ രണ്ട് വിഭാഗങ്ങൾക്കുമായി ഗ്രാറ്റുവിറ്റി ഇനത്തിൽ നൽകാനുള്ള. 27 കോടിയിൽപ്പരം രൂപ ധനകാര്യ വകുപ്പിന്റെ സഹായത്തോടെ നൽകാൻ നടപടി സ്വീകരിക്കണം. മുതലാളിമാരുടെയും തൊഴിലാളി സംഘടന കളുടെയും സമവായത്തിലൂടെ കശുവണ്ടി വികസന കോർപ്പറേഷനിലെ

തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 1998 മുതലുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിന് കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് 28 കോടി രൂപയും കാപ്പെക്സിലെ തൊഴിലാളികൾക്ക് 3 കോടി 13 ലക്ഷം രൂപയും ആവശ്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷനും കാപ്പക്സിനുംകൂടി 15 കോടി രൂപ പ്രവർത്തന മൂലധന മായും കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷന്റെ ബാങ്ക് ബാദ്ധ്യത തീർക്കുന്ന തിനായി ഒരു ഗഡു അടയ്ക്കുന്നതിന് 22 കോടി 33 ലക്ഷം രൂപയും കൊടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഉടൻ സാമ്പത്തിക സഹായം നൽകാൻ ബുദ്ധിമുട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തന ലാഭത്തിനു വേണ്ടി പരമാവധി തുക വിനിയോഗിക്കും. രണ്ട് വർഷത്തെ കുടിശ്ശിക ഈ സാമ്പത്തിക വർഷം കൊടുക്കാൻ കഴിയുമോയെന്ന് പരിശോധിക്കും. 2005–ൽ കാഷ്യു വികസന കോർപ്പറേഷൻ വഴി 90 കോടി രൂപയുടെ വ്യവസായം നടത്തിയിട്ട് 40 കോടി രൂപയുടെ നഷ്ടം വരുത്തി. ഈ സാഹചര്യത്തിൽ ഈ സ്ഥാപനത്തിന്റെ പുന:സംവിധാനത്തെക്കുറിച്ച് ആലോചിക്കേണ്ട ബാധ്യത ഗവൺമെന്റിനുണ്ട്. ആ ബാദ്ധ്യത ഈ ഗവൺമെന്റ് നിറവേറ്റും. സംഘടനകളുടെ അഭിപ്രായം ശേഖരിച്ച് തുടർന്നുള്ള കുടിശ്ശിക എത്രയുംപെട്ടെന്ന് കൊടുത്തുതീർക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(9) യക്ഷഗാനകലാക്ഷേത്രം ആരംഭിക്കണമെന്ന ആവശ്യം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: പാർത്ഥസുബ്ബ എന്ന വിഖ്യാത കലാകാരൻ രൂപകൽപ്പന ചെയ്ത സംഗീത നൃത്ത താളമേള സമ്പുഷ്ടമായ കലാമൂല്യങ്ങൾ ഉൾപ്പെടുന്ന കന്നട ഭാഷയിലുള്ള കലാരൂപമായ യക്ഷഗാനത്തെ സംരക്ഷിക്കാനും വികസിപ്പിക്കാനും ഭാവിതലമുറയെ പഠിപ്പിക്കാനുംവേണ്ടി മഞ്ചേശ്വരത്ത് ഒരു യക്ഷഗാനകലാക്ഷേത്രം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): മലബാർ പ്രദേശത്തെ ജനങ്ങൾ വ്യാപകമായി ആസ്വദിക്കുന്ന കലാരൂപമായ യക്ഷഗാനകല സംരക്ഷിക്കാനായി ജില്ലാ പഞ്ചായത്തിന്റെയും എം.എൽ.എ. മാരുടെയും എം.പി. മാരുടെയും ഫണ്ടിലെ ഒരു ഭാഗം ഉപയോഗിച്ച് കേന്ദ്ര ഗവണ്മെന്റിന്റെ മുമ്പിൽ ഒരു പദ്ധതിയായി സമർപ്പിച്ച് കേന്ദ്ര സാംസ്ക്കാരിക വകുപ്പിൽനിന്നുള്ള തുക കൂടി സമാഹരിച്ചുകൊണ്ട് ഒരു സംയുക്ത സംരംഭമായി മലബാറിൽ ഒരു യക്ഷഗാന കലാക്ഷേത്രം സ്ഥാപിക്കുന്നതിന് സംസ്ഥാന ഗവണ്മെന്റ് മുൻകൈയെടുക്കുന്നതാണ്.

(10) പരപ്പനങ്ങാടി പഞ്ചായത്തിലെ എൽ.പി.സ്ക്കൂൾ യു.പി. സ്ക്കൂളാക്കി ഉയർത്തണമെന്ന ആവശ്യം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പരപ്പനങ്ങാടി പഞ്ചായത്തിലുള്ള മൂന്ന് സ്ക്കൂളുകളും എൽ.പി. സ്ക്കൂളുകളായതിനാൽ യു.പി.സ്ക്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യമില്ല. വിദ്യാഭ്യാസത്തിനുള്ള സൗകര്യമുണ്ടാക്കുകയെന്നുള്ള ഭരണഘടനാപരമായ ബാധ്യത കണക്കിലെടുത്ത് മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്തെ മൂന്ന്

സ്ക്കൂളുകളിൽ ഏതെങ്കിലും ഒരു സ്ക്കൂൾ യു.പി. സ്ക്കൂളായി അപ് ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): മൽസ്യത്തൊഴിലാളികളും ദരിദ്ര കുടംബങ്ങളിൽനിന്നും വരുന്ന വരുമായ താമസിക്കുന്ന പ്രദേശത്തെ കുട്ടികളുടെ പഠനത്തിനായി സ്ക്കൂൾ അപ് ഗ്രേഡ് ചെയ്യേണ്ട ആവശ്യകത കണക്കിലെടുത്ത് മുൻ ഗവണ്മെന്റിൽ നിന്ന് വ്യത്യസ്തമായി യഥാർത്ഥ മാനദണ്ഡങ്ങൾ ആസ്പദമാക്കി വേണം ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടതെന്നുള്ള കാഴ്ചപ്പാടാണ് ഈ ഗവണ്മെന്റിനുള്ളത്. ഇത്തരം കാര്യങ്ങൾ പരിശോധിക്കാനായി പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ മുമ്പിൽ പരപ്പനങ്ങാടി പഞ്ചായത്തിലെ സ്ക്കൂൾ അപ്-ഗ്രേഡ് ചെയ്യേണ്ട കാര്യവും സമർപ്പിക്കുന്ന താണ്. ഉന്നതാധികാര സമിതിയുടെ നിർദ്ദേശാനുസരണം തീരുമാന മെടുക്കുന്നതാണ്.

(11) എസ്.എസ്.എൽ.സി. പരീക്ഷയുടെ സമയമാറ്റം.

ശ്രീ. വി.ഡി. സതീശൻ: ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് മാസത്തിൽ നടത്തുന്നതിനായി ഷെഡ്യൂൾ ചെയ്തിരിക്കുകയാണ്. ഇതുവരെ 13 പേപ്പറുകളാണുണ്ടായിരുന്നത്. ഇപ്രാവശ്യം പത്ത് പേപ്പറു കളാക്കി ചുരുക്കിയിരിക്കുകയാണ്. ഇംഗ്ളീഷ് I&II, കണക്ക് I&II, ഹിസ്റ്ററി, ജ്യോഗ്രഫി എന്നീ ആറ് വിഷയങ്ങൾ മൂന്നാക്കി ചുരുക്കുകയും മാർക്ക് നൂറായും സമയം രണ്ടര മണിക്കൂറായും നിജപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായി വിദ്യാർത്ഥികളിൽനിന്നും അദ്ധ്യാപകരിൽനിന്നും ധാരാളം

പരാതികൾ ഉണ്ടായിട്ടുണ്ട്. 60 ശതമാനം ചോദ്യങ്ങൾക്കുപോലും ഉത്തരമെഴുതാൻ കഴിയാതെവരുന്നത് കുട്ടികളിൽ മാനസിക പിരിമുറുക്കത്തിനിടയാക്കുന്ന സ്ഥിതിവിശേഷമുണ്ടാക്കുന്നുണ്ട്. എസ്.എസ്.എൽ.സി.-ക്ക് പഠിക്കുന്ന വിദ്യാർത്ഥികളുടെ പ്രായം കണക്കിലെടുത്ത് അവർക്കുണ്ടായിട്ടുള്ള വ്യാപകമായ ഉൽക്കണ്ഠ അവസാനിപ്പിക്കാൻ കഴിയുന്ന വിധത്തിൽ പരീക്ഷാ ക്രമീകരണമുണ്ടാക്കാൻ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പത്താം ക്ളാസ്സിൽ ഇപ്പോൾ പഠിക്കുന്ന കുട്ടികൾ ഒമ്പതാം ക്ളാസ്സിൽനിന്ന് ഇത്തരത്തിലുള്ള മാറ്റങ്ങളിലൂടെ കടന്നുവന്നവരാണ്. എങ്കിലും പത്താം ക്ളാസ്സിൽ അവർക്കുണ്ടാകുന്ന മാനസിക പിരിമുറുക്കവും മറ്റു കാര്യങ്ങളും കണക്കിലെടുത്ത് കരിക്കുലം കമ്മിറ്റി അടിയന്തിരമായി കൂടി വിദ്യാർത്ഥികളുടെ ഉൽക്കണ്ഠ ദൂരീകരിക്കാൻ എന്തെല്ലാം നടപടികൾ ഈ വർഷം കൈക്കൊള്ളാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ഇത് സംബന്ധിച്ച് ധാരാളം പരാതികൾ വന്നിരിക്കുന്ന സാഹചര്യത്തിൽ ഒരു മാറ്റം വരുത്തണമെന്നുള്ള നിലയിലുള്ള തീരുമാനം എത്രയും വേഗം എടുക്കണം.

### (12) മഹാകവി ടി.എസ്. തിരുമുമ്പിന്റെ സ്മാരക ഭവനത്തോട് കാണിക്കുന്ന അവഗണന

ശ്രീ.കെ.കുഞ്ഞിരാമൻ: സ്വാതന്ത്ര്യ സമര സേനാനി, സാമൂഹ്യ പരിഷ്ക്കർത്താവ്, രാഷ്ട്രീയ നേതാവ്, കവി എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ടി. എസ്. തിരുമുമ്പിന്റെ മനയും ചുറ്റുമുള്ള അഞ്ചേക്കർ സ്ഥലവും പീലിക്കോട് പഞ്ചായത്തിലെ കാർഷിക വികസന കേന്ദ്രത്തിനുവേണ്ടി

കൃഷിവകുപ്പ് ഏറ്റെടുത്തെങ്കിലും മന ഒരു സ്മാരകമാക്കി മാറ്റണമെന്ന ശക്തമായ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ അത് സ്മാരക ഭവനമായി പ്രഖ്യാപിച്ചു. എന്നാൽ കൃഷി ഫാം വേലി കെട്ടി സംരക്ഷിച്ചിരിക്കുന്നതിനാൽ ആർക്കും അവിടെ പ്രവേശിക്കാൻ കഴിയുന്നില്ല. തിരുമുമ്പിന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ പ്രസ്തുത സ്മാരകം ജില്ലാ പഞ്ചായത്തിനെ ഏൽപ്പിച്ച് സംരക്ഷിക്കാനും പ്രവർത്തനസജ്ജമാക്കാനും ആവശ്യമായ തീരുമാനങ്ങൾ എടുക്കാൻ സാംസ്ക്കാരിക വകുപ്പും കൃഷിവകുപ്പും ചേർന്ന് നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ടി.എസ്.തിരുമുമ്പിന്റെ ഓർമ്മ നിലനിർത്താൻവേണ്ടിയുള്ള സ്മാരക ഭവനം ജില്ലാ പഞ്ചായത്തിന് വിട്ടുകൊടുക്കാൻ കഴിയുമോ യെന്നുള്ള കാര്യത്തിൽ കൃഷി വകുപ്പുമന്ത്രിയാണ് ഉറപ്പു നൽകേണ്ടത്. ഇത് ഉചിതമായൊരു സ്മാരകമാക്കി മാറ്റുന്ന കാര്യത്തിൽ രണ്ടു വകുപ്പിനും ഏകാഭിപ്രായമുള്ളതിനാൽ കേരളപ്പിറവിയുടെ 50-ാം വാർഷികത്തിന്റെ ഭാഗമായി സമുചിതമായൊരു സ്മാരകമാക്കി മാറ്റുന്നതിന് സാംസ്ക്കാരിക വകുപ്പിന്റെ എല്ലാ സഹകരണവും ഉണ്ടാകും.

### (13) കണ്ണൂരിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി സ്ഥാപിക്കണമെന്ന ആവശ്യം.

ശ്രീ. പി. ജയരാജൻ: കൈത്തറി വ്യവസായ പ്രതിസന്ധി മറികടക്കുന്നതിനും കൈത്തറി വ്യവസായം വൈവിദ്ധ്യവൽക്കരിക്കുന്നതിനും സഹായകരമായിട്ടുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കൈത്തറിയുടെ നാടായ കണ്ണൂരിൽ ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): 2006–2007–ലെ പുതുക്കിയ ബഡ്ജറ്റിൽ സർക്കാർ 10 ഏക്കർ സ്ഥലം കണ്ണൂരിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി സ്ഥാപിക്കാൻ നൽകുമെന്നും ഇതിനായി ഒരു കോടി രൂപ വകകൊള്ളിച്ചിട്ടുണ്ടെന്നും പ്രഖ്യാപിച്ചിരുന്നു. ഇതിനായി സർക്കാർ തലത്തിൽ ലഭ്യമായിട്ടുള്ള ഭൂമി കണ്ണൂർ ജില്ലയിൽ കണ്ടെത്തി അറിയിക്കുന്നതിനായി 25–03–2006–ൽ കൈത്തറി ഡയറക്ടർ ജില്ലാ കളക്ടറോടും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരോടും ആവശ്യപ്പെട്ടതനുസരിച്ച് സർക്കാർ തലത്തിൽ ലഭ്യമാകുന്ന ഭൂമിയെ ക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരികയാണ്. 25–9–2006–ൽ കണ്ണൂർ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ജില്ലാ കളക്ടറുമായി ചർച്ച ചെയ്യുകയും അതനുസരിച്ച് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ശ്രമം ജില്ലാ ഭരണകൂടവും ജില്ലാ വ്യവസായ കേന്ദ്രവും ഊർജ്ജിതമായി നടത്തിവരികയുമാണ്. ഇതു സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ കിൻഫ്രയോട് ആവശ്യപ്പെടുകയും ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിക്കുകയും കണ്ണൂർ ജില്ലയിലുള്ള എം.എൽ.എ.മാരോട് ഇതിനനുയോജ്യമായ സ്ഥലം നിർദ്ദേശിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലം കണ്ടെത്തിയാൽ ഉടനെ നടപടികൾ ആരംഭിക്കുന്നതാണ്.

(14) പഞ്ചായത്ത് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം

ശ്രീ. സി.ടി. അഹമ്മദ് അലി : 1994–ലെ പഞ്ചായത്ത് ആക്ട് നിലവിൽ വരുന്നതുവരെ പുറമ്പോക്ക് ഭൂമിക്കുവേണ്ടിയുള്ള അപേക്ഷകർക്ക് പട്ടയം നൽകിവന്നിരുന്നു. എന്നാൽ ഈ ആക്ടിൽ ചില ഭേദഗതികൾ ആവശ്യമായി

വന്നതിനാൽ പഞ്ചായത്തുകളിൽ നിക്ഷിപ്തമായ പുറമ്പോക്കുഭൂമി പതിച്ചു നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റോ വീട്ടുനമ്പറോ കിട്ടാത്തതുമൂലം ഗവൺമെന്റിൽനിന്നുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതിനാൽ ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): പഞ്ചായത്ത് പുറമ്പോക്കുകളിലും നഗര/കോർപ്പറേഷൻ പ്രദേശങ്ങളിലെ പുറമ്പോക്കുകളിലും വർഷങ്ങളായി താമസിക്കുന്നവർക്ക് നിയമപരമായ തടസ്സങ്ങൾ മാറ്റി പട്ടയം നൽകുന്നതിനും പട്ടയം നൽകാൻ തടസ്സമുള്ളവർക്ക് കൈവശരേഖ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 1994–ലെ പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നപ്പോൾ പഞ്ചായത്തിൽ നിക്ഷിപ്തമായ പട്ടയം നൽകാൻ സാധിക്കാത്ത പുറമ്പോക്കുകൾ വർഷങ്ങളായി കൈവശംവച്ചനുഭവിക്കുന്നവർക്ക് ചില നിബന്ധനകൾക്ക് വിധേയമായി 7–7–1997–ലെ ജി. ഒ. പ്രകാരം കൈവശരേഖ നൽകാൻ ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ കനാൽ പുറമ്പോക്കിലും നഗര/ കോർപ്പറേഷൻ പ്രദേശങ്ങളിലെ പുറമ്പോക്കിൽ താമസിക്കുന്ന അർഹരായ കൈവശക്കാർക്കും 5 സെന്റ് ഭൂമിക്കുവരെ കൈവശരേഖ നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 29.9.1998–ലെ ജി.ഒ. പ്രകാരം പാറ പുറമ്പോക്കിൽ താമസിക്കുന്നവർക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. വിദ്യുച്ഛക്തി കണക്ഷനും റേഷൻ കാർഡിനും വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നതിനും ഈ കൈവശരേഖ ഉപയോഗിക്കാവുന്നതാണ്. വൈഷമ്യം നേരിടുന്ന പ്രദേശങ്ങളിൽ തദ്ദേശഭരണ വകുപ്പുമായി ചർച്ച ചെയ്ത് അവരുടെ അഭിപ്രായം ആരാഞ്ഞശേഷം നയപരമായ തീരുമാനങ്ങൾ എടുക്കുന്നതാണ്.

(15) കെ.എസ്.ടി.പി. റോഡുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ.വർക്കല കഹാർ: ലോകബാങ്കിന്റെ സഹായത്തോടെ നിർമ്മിക്കുന്ന കേരളത്തിലെ കെ.എസ്.ടി.പി. റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയ ബന്ധിതമായി പൂർത്തിയാക്കണം. റോഡുകൾ പണിയുമ്പോൾ അത് ഇത്ര വർഷത്തേയ്ക്ക് എന്നുള്ളതിന് ഗ്യാരന്റി വേണം. കെ.എസ്.ടി.പി. റോഡുകൾ പണി തീർന്നശേഷം മരാമത്ത് വകുപ്പിനെ ഏല്പിക്കുകയും അറ്റകുറ്റ പ്പണികൾ പി.ഡബ്ല്യു.ഡി. നിർവ്വഹിക്കുകയും ചെയ്യുന്നു. എന്നാൽ പഴയ റബ്ബറൈസ്ഡ് ടാറിംഗുമായി ഈ റോഡ് ചേരാത്തതുകൊണ്ടും ബി.എസ്.എൻ.എൽ.-ഉം വാട്ടർ അതോറിറ്റിയും പല സ്ഥലങ്ങളിലും അറ്റകുറ്റ പ്പണികൾക്കായി റോഡ് വെട്ടിമുറിക്കുന്നതുകൊണ്ടും റോഡുകൾ നശിക്കാനിടയാകുന്നു. കല്ലമ്പലം-വർക്കല റോഡ് ഇത്തരത്തിൽ നാമാവശേഷമായതാണ്. അതിന്റെ അറ്റകുറ്റപ്പണികൾ ഉടൻ തീർക്കേ ണ്ടതാണ്. പെർഫോമൻസ് ലിങ്ക്ഡ് മെയിന്റനൻസ് കോൺട്രാക്ട് സർക്കാർ അംഗീകരിച്ചെങ്കിലും നടപ്പിലാക്കിയിട്ടില്ല. കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഇത്തരം റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിത മായി പൂർത്തിയാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): കെ.എസ്.ടി.പി. സംസ്ഥാനത്ത് ഏകദേശം 1600 കി.മീ. റോഡ് ഏറ്റെടുത്ത് പണി പൂർത്തി യാക്കിവരുന്നു. ഹെവി മെയിന്റനൻസ് പദ്ധതിയിൽ ഏകദേശം 1000 കി.മീ. റോഡിന്റെ പണിയും പൂർത്തിയായിട്ടുണ്ട്. കെ.എസ്.ടി.പി.-ൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച റോഡുകളുടെ ഗുണനിലവാരം നിലനിറുത്തുന്നതിനായി മൂന്ന് വർഷത്തേയ്ക്ക് കരാർ കൊടുക്കുന്ന ഒരു പെർഫോമൻസ് ബെയ്സ്ഡ് മെയിന്റനൻസ് സംവിധാനം നടപ്പാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്ന

താണ്. ഇതിന്റെ തുടക്കമെന്ന നിലയിൽ റോഡ് വിഭാഗത്തിലുൾപ്പെട്ട നാല് ജില്ലകളിലായി 400 കി.മീ.റോഡിന്റെ മെയിന്റനൻസിന് കരാർ ക്ഷണിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ടി.പി.യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം വിജയകരമായി തീരുകയാണെങ്കിൽ കല്ലമ്പലം-വർക്കല റോഡുൾപ്പെടെ സംസ്ഥാനത്തെ എല്ലാ റോഡുകളും ഇത്തരത്തിൽ പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(16) <u>കടുത്തുരുത്തി, കുറവിലങ്ങാട് എന്നിവിടങ്ങളിൽ മിനി സിവിൽ സ്റ്റേഷൻ</u>

<u>ശ്രീ. മോൻസ് ജോസഫ്:</u> കടുത്തുരുത്തി, കുറവിലങ്ങാട് എന്നിവിടങ്ങളിൽ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കണമെന്നത് വർഷങ്ങളായുള്ള ജനങ്ങളുടെ ആവശ്യമാണ്. ഈ രണ്ട് സ്ഥലത്തും റവന്യൂ വകുപ്പിന്റെ സ്ഥലം ലഭ്യമാണ്. വിവിധ സ്ഥലങ്ങളിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സർക്കാർ ഓഫീസുകളെല്ലാം ഒരു ഓഫീസ് സമുച്ചയത്തിന് കീഴിൽ കൊണ്ടുവരണം. അനുകൂല സാഹചര്യം കണക്കിലെടുത്ത് രണ്ട് സ്ഥലത്തും മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ):</u> കടുത്തുരുത്തിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം പത്താം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതുമാണ്. എന്നാൽ ഇതിനാവശ്യമായ ഭൂമി ബന്ധപ്പെട്ട പഞ്ചായത്തിൽനിന്ന് ഇനിയും ലഭിച്ചിട്ടില്ല. അടിയന്തിരമായി ഭൂമി ലഭ്യമാക്കി സിവിൽ സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കും. കടുത്തുരുത്തിയിൽ പ്രവർത്തിക്കുന്ന പത്തോളം ഓഫീസുകൾക്ക് വേണ്ട സ്ഥലസൗകര്യം ലഭ്യമാക്കുകയാണ് ഇതിന്റെ ഉദ്ദേശം. കുറവിലങ്ങാട്ട് മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം സർക്കാർ

തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ സ്ഥലവും ഫണ്ടും എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(17) വയനാട് ജില്ലയിലെ കർഷകർക്ക് കൈവശഭൂമിക്ക് രേഖ

ശ്രീ. കെ.സി. കുഞ്ഞിരാമൻ: വയനാട് ജില്ലയിലെ വിവിധ വില്ലേജുകളിലായി ആയിരക്കണക്കിന് കർഷകരും കർഷകത്തൊഴിലാളികളും വർഷങ്ങളായി കൈവശംവച്ച് കൃഷി ചെയ്തുവരുന്ന ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല. 1960 മുതൽ നികുതി അടച്ച് കൈവശംവച്ചുവരുന്ന ഭൂമിപോലും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ കുറേക്കാലമായി അത്തരത്തിലുള്ള പല ഭൂമികൾക്കും നികുതി സ്വീകരിക്കുന്നില്ല. ഇതിൽ പല പ്രദേശങ്ങളുടെയും ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞതാണ്; കഴിയാത്ത ഭൂമിയിൽ എത്രയും പെട്ടെന്ന് ജോയിന്റ് വെരിഫിക്കേഷൻ നടത്താനുള്ള നടപടി സ്വീകരിക്കണം. പട്ടയം ഇല്ലാത്തതുകൊണ്ട് കൃഷിക്കാർക്കും ദുർബ്ബല ജനവിഭാഗങ്ങൾക്കും കർഷകത്തൊഴിലാളികൾക്കും പല വിധത്തിലുള്ള ആനുകൂല്യങ്ങളും ബാങ്ക് വായ്പകളും ലഭിക്കുന്നില്ല എന്നുമാത്രമല്ല വനം വകുപ്പ് ഉദ്യോഗസ്ഥരുടെ കുടിയിറക്ക് ഭീഷണിയും നേരിടേണ്ടതുണ്ട്. അതുകൊണ്ട് വനം വകുപ്പു മന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മുൻകൈയെടുത്ത് ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: മലയോര മേഖലയിലെ എം.എൽ.എ.മാരുടേയും ബന്ധപ്പെട്ട ജനപ്രതിനിധികളുടേയും യോഗം വിളിച്ചുകൂട്ടി ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ വയനാട് ജില്ലയിൽ മാത്രമല്ല സംസ്ഥാനത്ത് എല്ലായിടത്തുമുണ്ട്. വയനാട് ജില്ലയിലെ വിവിധ വില്ലേജുകളിലായി നൂറുകണക്കിന് കൃഷിക്കാരും

കർഷകത്തൊഴിലാളികളും കൈവശംവച്ച് അദ്ധ്വാനിച്ച് വർഷങ്ങളായി താമസിച്ച് വരുന്ന സ്ഥലങ്ങൾക്ക് അവരുടെ കൈയിൽനിന്ന് ഇപ്പോൾ ഭൂനികുതി വാങ്ങുന്നില്ല. ഇടയ്ക്കിടയ്ക്കുള്ള കുടിയിറക്ക് ഭീഷണി, പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ തുടങ്ങിയ പ്രശ്നങ്ങളെ സംബന്ധിച്ച് സർക്കാരിന് നിവേദനങ്ങൾ കിട്ടിക്കൊണ്ടിരിക്കുകയാണ്. ഇതിനുള്ള പ്രധാന കാരണം റീസർവ്വേയിൽ ഉണ്ടായ നേരിയ വ്യത്യാസമാണ്. റീസർവ്വേ രേഖകൾ നിലവിൽ വന്നപ്പോൾ പല കൈവശ ഭൂമികളും വനഭൂമിയായി രേഖപ്പെടുത്തി. ഇത് പരിഹരിച്ചാൽ മാത്രമേ ഇന്ന് കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. ഇത് ഒരു ഉത്തരവിലൂടെ പരിഹരിക്കപ്പെടാവുന്നതല്ല. സുപ്രീം കോടതിയുടെയും എംപവേർഡ് കമ്മിറ്റിയുടെയും മുമ്പിലുള്ള ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതോടൊപ്പംതന്നെ ആരേയും കുടിയിറക്കാൻ അനുവദിക്കുന്ന തല്ലെന്നും അവരെ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കു മെന്നും സഭയ്ക്ക് ഉറപ്പു നൽകുകയാണ്. വയനാട് ജില്ലയിലെ ഈ വിഷയ ങ്ങൾ ചർച്ച ചെയ്യുന്നതിനായി ആ ജില്ലയിലെ എം.എൽ.എ.മാർ, റവന്യൂ-വനം വകുപ്പ് മന്ത്രിമാർ, ഉദ്യോഗസ്ഥർ, വയനാട് ജില്ലാ കളക്ടർ, ഡി.എഫ്.ഒ. എന്നിവരുമായി ഒരു ചർച്ച ഈ മാസം 16-ാം തീയതി തിരുവന ന്തപുരത്ത് വച്ച് നടത്തുന്നതാണ്. ആ യോഗത്തിനുശേഷം വയനാട് ജില്ല യിൽവച്ച് രണ്ട് മന്ത്രിമാരും പങ്കെടുത്തുകൊണ്ട് വിപുലമായ ഒരു യോഗം ജനപ്രതിനിധികളെയും പഞ്ചായത്ത് പ്രസിഡന്റുമാരെയും പങ്കെടുപ്പിച്ചു കൊണ്ട് നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഭൂനികുതി സംബന്ധിച്ച് ജില്ലതിരിച്ചും കർഷക സംഘടനകളുമായും ചർച്ച സംഘടിപ്പിക്കുന്നതാണ്.

(18) <u>മലയോര മേഖലകളിൽ നോൺ റിവർട്ടബിൾ ഫോറസ്റ്റ് ഭൂമിയിൽ താമസിക്കുന്ന കർഷകരുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ. രാജാജി മാത്യൂ തോമസ്:</u> തൃശ്ശൂർ ജില്ലയിലെ നോൺ റിവർട്ടബിൾ ഫോറസ്റ്റ് (എൻ.ആർ.എഫ്.) ഭൂമിയിൽ ജോയിന്റ് വെരിഫി ക്കേഷൻ നടത്തി കുറച്ചാളുകൾക്ക് കൈവശരേഖ നൽകുകയും കുറെപ്പേർക്ക് നൽകാതിരിക്കുകയും ചെയ്തതിലൂടെ പതിറ്റാണ്ടുകളായി അവിടെ താമസിച്ച് കൃഷി ചെയ്തു വരുന്നവർ ഫോറസ്റ്റുദ്യോഗസ്ഥരിൽ നിന്നുള്ള കുടിയിറക്കു ഭീഷണിയിലാണ്. കൈവശരേഖ ലഭിച്ചവർക്കുതന്നെ ഭൂമിയുടെ വിസ്തൃതി തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിന് ശാശ്വത പരിഹാരം എൻ.ആർ.എഫ്. ഭൂമി ഡിസ്റിസർവ് ചെയ്ത് ഉടമസ്ഥാവകാശം നൽകുക എന്നതാണ്. വനഭൂമി ഡിസ്റിസർവ് ചെയ്തുകിട്ടുന്നതിനുമുൻപ് റീജോയിന്റ് വെരിഫിക്കേഷൻ നടത്തി കൈവശരേഖ നൽകുന്നതിനുള്ള നടപടിയും സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ.കെ.പി.രാജേന്ദ്രൻ):</u> ഈ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് തൃശ്ശൂർ കളക്ടറേറ്റിൽ വച്ച് റവന്യൂ–വനം ഉദ്യോഗസ്ഥരും കർഷക സംഘടനകളും ജനപ്രതിനിധികളും ചേർന്ന് നടന്ന ചർച്ചയിൽ പതിറ്റാണ്ടുകളായി വനഭൂമിയിൽ താമസിച്ച് കൃഷിചെയ്തുവരുന്ന കർഷകരെ കുടിയിറക്കരുതെന്ന് തീരുമാനിക്കുകയു ണ്ടായി. ഭൂനികുതി സ്വീകരിക്കാത്തതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. പട്ടയത്തിനായി കിട്ടിയ അപേക്ഷകൾ കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ജോയിന്റ് വെരിഫിക്കേഷനുവേണ്ടിയുള്ള അയ്യായിര ത്തിൽപരം അപേക്ഷകൾ റവന്യൂ ആഫീസുകളിൽ തീർപ്പുകൽപ്പിക്കാനാ

യിട്ടുണ്ട്. 1980-ലെ എൻ.ആർ.എഫ്. ഭൂമി പതിച്ചു നൽകൽ നിയമപ്രകാരം കേന്ദ്രാനുമതി ലഭിച്ചാൽ മാത്രമേ പതിച്ചു നൽകാൻ സാധിക്കുകയുള്ളൂ. എൻ.ആർ.എഫ്. ഭൂമി കൈവശക്കാരുടെ പൂർണ്ണ ലിസ്റ്റ് ലഭ്യമായാൽ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്. സുപ്രീംകോടതി യുടെയും സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെയും മുമ്പാകെയുള്ള ഇതുസംബന്ധിച്ച കേസുകൾ തീർപ്പാകാതെ എൻ.ആർ.എഫ്. ഭൂമി ഡിസ്റിസർവ് ചെയ്യാൻ കഴിയില്ല. പ്രശ്നങ്ങൾ എത്രയുംപെട്ടെന്ന് എംപവേർഡ് കമ്മിറ്റി മുൻപാകെ ബോധ്യപ്പെടുത്തുന്നതാണ്.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം):</u> കേരളത്തിലെ മിക്കവാറും ജില്ലകളിലെ കർഷകരെ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. വനഭൂമി സംരക്ഷിക്കുന്നതിൽ സർക്കാർ പ്രതിജ്ഞാ ബദ്ധമാണ്. സങ്കീർണ്ണങ്ങളായ ഇത്തരം പ്രശ്നങ്ങൾക്ക് തീരുമാനം ഉണ്ടാക്കുന്നതിന് ജില്ല തിരിച്ചുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. കൃഷി ക്കാരെയും ആദിവാസികളെയും കുടിയിറക്കു ഭീഷണിക്കിരയാക്കരുതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(19) <u>വൈപ്പിൻ-മുനമ്പം റോഡിലെ പാലങ്ങൾ പുതുക്കിപ്പണിയുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. എം.കെ. പുരുഷോത്തമൻ:</u> വൈപ്പിൻ-മുനമ്പം റോഡിലെ 11 പാലങ്ങളിൽ 8 എണ്ണം ഗതാഗത യോഗ്യമല്ല. പാലങ്ങൾ പുതുക്കിപ്പണിയണ മെന്ന് ഹൈക്കോടതി നിർദ്ദേശമുണ്ടായിട്ടും ഒരു പാലത്തിന്റെ പണി ഭാഗികമായി പൂർത്തിയാക്കിയതിനുശേഷം നിർത്തിവച്ചിരിക്കുകയാണ്. എത്രയുംവേഗം 8 പാലങ്ങളുടെയും നിർമ്മാണ ജോലികൾ പൂർത്തി യാക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): വൈപ്പിൻ–മുനമ്പം റോഡിലെ 8 പാലങ്ങൾ ശോച്യാവസ്ഥയിലാണ്. ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് രണ്ട് പാക്കേജുകളിലായി നാല് പാലങ്ങൾ വീതം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി കരാർ കൊടുത്തു.. പാക്കേജ് ഒന്നിനു വേണ്ടിയുള്ള സ്ഥലം കൈമാറ്റം നടന്നെങ്കിലും പാക്കേജ് രണ്ടിനുള്ള സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല. ഇതിനിടെ കരാർ കാലാവധി തീരുകയും ചെയ്തു. പെപ്പ് ലൈൻ, ടെലിഫോൺ ലൈൻ തുടങ്ങിയവ മാറ്റിസ്ഥാപിക്കുന്നതിനുള്ള 114 ലക്ഷം രൂപ യുടെ ലെറ്റർ ഓഫ് ക്രെഡിറ്റിന് ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ലൈൻ മാറ്റി സ്ഥാപിച്ച് നിർമ്മാണ ജോലി തുടരുന്നതാണ്.

(20) <u>അച്ചൻകോവിൽ ആറ് ഗതിമാറി ഒഴുകുന്നതുമൂലമുള്ള പ്രശ്നങ്ങൾ</u>

<u>ശ്രീ. അടൂർ പ്രകാശ്</u>: കനത്ത കാലവർഷംമൂലം അച്ചൻകോവി ലാറിന്റെ ഇരു കരകളും എതാണ്ട് 150 അടിയിലധികം ഇടിഞ്ഞ് വീടും ഭൂമിയും നഷ്ടപ്പെട്ടിരിക്കുകയാണ്. ശുദ്ധജല പദ്ധതിയുടെ ഭാഗമായ മലപ്പാറ ചെക്ക്ഡാം ഭാഗികമായി ഇടിഞ്ഞതിനാൽ അച്ചൻകോവിലാർ ഗതിമാറി ഒഴുകുകയാണ്. ആറിന്റെ ഇടിഞ്ഞുപോയഭാഗം എത്രയുംപെട്ടെന്ന് ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ):</u> കനത്ത കാലവർഷത്തിൽ അച്ചൻകോവിലാറിന്റെ കര ഇടിഞ്ഞതിനെത്തുടർന്ന് താൽക്കാലിക പരിഹാരമെന്ന നിലയ്ക്ക് പാറക്കല്ല് ഡംപ് ചെയ്ത് ഒരു പരിധിവരെ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. ശാശ്വത പരിഹാരത്തിന് അച്ചൻകോവിലാറിന്റെ ഇടതുകര 150 മീറ്റർ സംരക്ഷണ ഭിത്തി കെട്ടുന്നതിനും

തടയണയുടെ ഇടതു പാർശ്വ ഭിത്തി ബലപ്പെടുത്തി നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(21) സൗജന്യറേഷന് ചെലവായ തുക വ്യാപാരികൾക്ക് ലഭ്യമാക്കേണ്ടത് സംബന്ധിച്ച്

ശ്രീമതി ഇ.എസ്. ബിജി മോൾ: പീരുമേട് താലൂക്കിലെ പൂട്ടിക്കിടക്കുന്ന തോട്ടം തൊഴിലാളികൾക്ക് മഞ്ഞക്കാർഡിന്റെ അടിസ്ഥാനത്തിൽ ലഭിച്ചു കൊണ്ടിരുന്ന സൗജന്യറേഷൻ പലപ്പോഴായി മുടങ്ങുന്നുണ്ട്. റേഷൻ മൊത്തവിതരണ വ്യാപാരികൾക്ക് സർക്കാർ ഏതാണ്ട് ഒരു കോടി രൂപയോളം കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്. പ്രസ്തുത തുക എത്രയും വേഗം കൊടുത്തുതീർത്ത് തൊഴിലാളികൾക്കുള്ള സൗജന്യറേഷൻ തടസ്സം കൂടാതെ ലഭ്യമാക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കാലവർഷം തുടങ്ങിയ പല സന്ദർഭങ്ങളിലും സൗജന്യ റേഷൻ, മൂന്ന് രൂപയ്ക്ക് അരി തുടങ്ങിയ പല സ്കീമുകളും സർക്കാർ പ്രഖ്യാപിക്കാറുണ്ട്. ഇത് വിതരണം ചെയ്യുന്നത് മൊത്ത വിതരണ വ്യാപാരികളാണ്. കാലവർഷക്കെടുതിയിൽ നൽകിയ സൗജന്യറേഷന്റെ കുടിശ്ശിക കൊടുത്തുതീർത്തുകൊണ്ടിരിക്കുകയാണ്. പീരുമേട്ടിലെ കാര്യത്തിൽ ഇടുക്കി ജില്ലാ കളക്ടറുടെ ശുപാർശ ലഭിച്ചാലുടൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തുക ലഭ്യമാക്കി കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്. ദുരിതാശ്വാസ നിധിയിൽ തുക അപര്യാപ്തമാണെങ്കിൽ പ്ലാന്റേഷൻ വെൽഫെയർ ഫണ്ടിൽനിന്ന് തുക ലഭ്യമാക്കി കുടിശ്ശിക കൊടുത്തുതീർക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(22) <u>പൊൻകുന്നം ടൗണിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കണമെന്ന ആവശ്യം</u>

<u>പ്രൊഫ. എൻ. ജയരാജ്</u> : ചിറക്കടവ് പഞ്ചായത്തിലെ പൊൻകുന്നം ടൗണിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള 5 ഏക്കറോളം സ്ഥലത്തിൽ പോലീസ് സ്റ്റേഷനും ക്വാർട്ടേഴ്സും ഒഴിച്ചുള്ള സ്ഥലത്ത് പൊൻകുന്നം വില്ലേജ് ഓഫീസ്, സബ് ട്രഷറി ഓഫീസ്, ഡി.ഇ.ഒ. ഓഫീസ്, സെയിൽസ് ടാക്സ് ഓഫീസ് എന്നിവ പഴക്കം ചെന്ന ജീർണ്ണിച്ച കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരികയാണ്. മറ്റ് ഓഫീസുകൾ വാടകക്കെട്ടിടത്തിലാണ് വർഷങ്ങളായി പ്രവർത്തിക്കുന്നത്. ഇവയുടെ വാടകയിനത്തിൽ സംസ്ഥാന ഗവൺമെന്റിന് വളരെയേറെ സാമ്പത്തിക ബാദ്ധ്യത എല്ലാ വർഷവും വരുന്നുണ്ട്. കിഴക്കൻ മേഖലകളുടെ പ്രധാന കവാടം എന്ന നിലയിൽ റവന്യൂ വകുപ്പ് പ്രസ്തുത സ്ഥലത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ-കം-ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിച്ച് വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ മാറ്റിസ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി <u>(ശ്രീ.കെ.പി.രാജേന്ദ്രൻ)</u>: പൊൻകുന്നം ഉൾപ്പെടുന്ന കാഞ്ഞിരപ്പള്ളിയിലെ 25-ഓളം സർക്കാർ ഓഫീസുകൾക്കുവേണ്ടി കാഞ്ഞിരപ്പള്ളി താലൂക്ക് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് 290 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടം പണി ചെയ്തുകൊണ്ടിരിക്കുകയാണ്. കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സിവിൽ സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ മാറ്റി പുതിയ ഓഫീസ് സമുച്ചയം ഉണ്ടാക്കി മിനി സിവിൽ സ്റ്റേഷൻ പൊൻകുന്നം ടൗണിൽ പൊതുജനങ്ങൾക്ക്

സൗകര്യപ്രദമായ വിധത്തിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(23) രാസവളം ലഭിക്കാത്തതുമൂലം കാർഷിക മേഖലയിൽ ഉളവായിട്ടുള്ള പ്രശ്നങ്ങൾ

ശ്രീ. സി.കെ.പി. പത്മനാഭൻ : പ്രധാന രാസവളമായ പൊട്ടാഷ് കിട്ടാനില്ലാത്തതിനാൽ സംസ്ഥാനത്തെ കർഷകർ ബുദ്ധിമുട്ടുകയാണ്. വിദേശത്ത് പൊട്ടാഷിന്റെ വില വർദ്ധിച്ചതോടെ കേന്ദ്ര ഗവൺമെന്റും വില വർദ്ധിപ്പിച്ചിരിക്കുന്നു. അതുമൂലം എഫ്.എ.സി.ടി.യും ഇറക്കുമതി ചെയ്യുന്നില്ല. കേരളത്തിന്റെ കാർഷിക മേഖലയിലെ പ്രത്യേകതയ്ക്ക് പൊട്ടാഷ് കൂടിയേ തീരൂ. പൊട്ടാഷിന്റെ ദൗർലഭ്യം കാർഷിക മേഖലയിലെ ഉൽപ്പാദനക്ഷമത പുറകോട്ടുപോകാൻ കാരണമായിട്ടുണ്ട്. ഇതൊരു ഗുരുതരമായ പ്രശ്നമായിക്കണ്ട് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി പൊട്ടാഷ് ഇറക്കുമതി ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കഴിഞ്ഞ ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും പൊട്ടാഷ് വളത്തിന് ദൗർലഭ്യമുണ്ടായിട്ടുണ്ട്. കേരളത്തിൽ പൊട്ടാഷ് വിതരണം ചെയ്യുന്ന ഇൻഡ്യൻ പൊട്ടാഷ് ലിമിറ്റഡ് ബഞ്ച് മാർക്ക് വിലയുടെ അടിസ്ഥാനത്തിൽ വിദേശ ഏജൻസികളുമായി ഉടമ്പടിയിൽ ഒപ്പുവച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് ബഞ്ച് മാർക്ക് വില നിശ്ചയിക്കാൻ വൈകിയതിനാൽ ആഗസ്റ്റ് മാസം അവസാനം വിദേശ ഏജൻസികളുമായി ഉടമ്പടിയിൽ ഒപ്പുവച്ച് കപ്പൽമാർഗ്ഗം പൊട്ടാഷ് ലഭ്യമാക്കിയിട്ടുണ്ട്. കൃഷിവകുപ്പ് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ആഗസ്റ്റ് മാസം 15700 മെട്രിക്ക് ടൺ വളം ലഭ്യമായി. മംഗലാപുരം,

തൂത്തുക്കുടി എന്നിവിടങ്ങളിൽനിന്നും റെയിൽവഴിയും പൊട്ടാഷ് ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ 6 മാസത്തേയ്ക്ക് ആവശ്യമായിരുന്നത് 70500 എം.ടി. ആണ്. എന്നാൽ 58400 ടൺ പൊട്ടാഷ് മാത്രമേ വിതരണം ചെയ്യാൻ ഇൻഡ്യൻ പൊട്ടാഷ് ലിമിറ്റഡിന് സാധിച്ചിട്ടുള്ളൂ. ആവശ്യത്തിന് വളം കൊച്ചി തുറമുഖത്ത് ലഭ്യമാണെങ്കിലും ചില തടസ്സങ്ങൾ കാരണം എല്ലാ ജില്ല കളിലും വേണ്ട അളവിൽ എത്തിക്കാൻ സാധിക്കുന്നില്ല. ഈ മാസം 17-ാം തീയതി 17000 ടൺ പൊട്ടാഷുമായി മറ്റൊരു കപ്പൽ കൊച്ചി തുറമുഖത്ത് എത്തുന്നുണ്ട്. അതുകൂടി ലഭ്യമായാൽ കേരളത്തിലെ പൊട്ടാഷ് ക്ഷാമം പരിഹരിക്കാവുന്നതാണ്.

(24) സമാന്തര സർവ്വീസ് വാഹനം മറിഞ്ഞുണ്ടായ അപകടം

ശ്രീമതി ജെ. അരുന്ധതി: കല്ലറ ഗവൺമെന്റ് ഹൈസ്കൂളിലെ കുട്ടികളും അദ്ധ്യാപകനുമുൾപ്പെടെ 28 പേർ ഒരു സ്വകാര്യ ട്രക്കറിൽ കണിയാപുരത്ത് നടക്കുന്ന ബാഡ്മിന്റൺ ടീമിൽ പങ്കെടുക്കാൻ പോകുന്നവഴി പാച്ചിറയിൽവച്ച് വാഹനം മറിയുകയും അപകട ത്തിൽപ്പെടുകയും നാട്ടുകാരുടെ സഹായത്തോടെ അവരെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അതിൽ ഒരു കുട്ടി മരിച്ചു; 3 കുട്ടികൾ സ്പെഷ്യൽ കെയർ യൂണിറ്റിലാണ്. അപകടത്തിൽ പ്പെട്ടവർക്ക് ആവശ്യമായ സഹായം ലഭ്യമാക്കണം. ബ്രേക്ക് പൊട്ടിയ വാഹനമായതിനാലും യഥാർത്ഥ ഡ്രൈവറല്ല വാഹനം ഓടിച്ചിരുന്നത് എന്നതിനാലും ഇതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കണിയാപുരത്ത് പാച്ചിറയിൽ ഉണ്ടായ ട്രക്ക് അപകടത്തെക്കുറിച്ച്

അന്വേഷിച്ച് വിവരം നൽകാൻ ട്രാൻസ്പോർട്ട് കമ്മിഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനത്തിന്റെ ബ്രേക്ക് സംബന്ധിച്ച ആക്ഷേപത്തെക്കുറിച്ച് പരിശോധിച്ച് നിയമാനുസൃത ശിക്ഷണ നടപടി സ്വീകരിക്കുന്നതാണ്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് കർശന നടപടി കൈക്കൊള്ളുന്നതാണ്.

## III. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### റിപ്പോർട്ട് പരിഗണന

1. അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച് പതിനൊന്നാം 11-ാം കേരള നിയമ സഭ തുടർന്നുവന്ന രീതിയിൽ ചില മാറ്റങ്ങൾ വരുത്താൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ബില്ലുകൾ അവതരിപ്പിക്കുമ്പോൾ അതാത് വകുപ്പ് മന്ത്രിമാരായിരിക്കണം മറുപടി പറയേണ്ടത് എന്ന് കഴിഞ്ഞ മന്ത്രിസഭാ യോഗത്തിൽ തീരുമാനം എടുത്തിരിക്കുകയാണ്. 16 ബില്ലുകളും എങ്ങനെ ഇന്ന് അവതരിപ്പിക്കുമെന്നത് സംബന്ധിച്ച് പൊതു ധാരണയുണ്ടാക്കണം. ഒരംഗം ബിൽ അവതരിപ്പിച്ച് സംസാരിച്ചതിനുശേഷം മറ്റ് അംഗങ്ങൾക്കുകൂടി അവസരം കൊടുത്ത് അടുത്ത ബില്ലിലേയ്ക്ക് കടക്കണം. പരമാവധി എടുക്കാൻ കഴിയുന്ന ബില്ലുകളെടുത്തിട്ട് ബാക്കിയുള്ളവ അടുത്ത സെഷനി ലേയ്ക്ക് മാറ്റിവയ്ക്കാവുന്നതാണ്.

ശ്രീ. എം. മുരളി : രണ്ട് വെള്ളിയാഴ്ചകളിൽ (22–9–2006, 29–9–2006) സഭ ചേരാതിരുന്നതിനാലാണ് ഇത്രയും ബില്ലുകൾ ഇന്ന് വന്നത്. പരിമിത സമയത്തിനുള്ളിൽ പരമാവധി ബില്ലുകൾ എടുക്കണം. ഒക്ടോബർ 20–ാം തീയതി പരിഗണിക്കുന്ന അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകളുടെ കൂട്ടത്തിൽ ബാക്കിയുള്ള ബില്ലുകൾകൂടി അവതരിപ്പിക്കാവുന്നതാണ്. കീഴ്വഴക്കമനുസരിച്ച് ഇൻട്രൊഡ്യൂസ് ചെയ്യുന്ന ബില്ലുകൾ ലോട്ടിട്ടാണ് തുടർ ചർച്ചയ്ക്ക് എടുക്കുന്നത്. അതിന് അവസരം നൽകണം.

മി. സ്പീക്കർ: അംഗങ്ങൾ സഹകരിച്ചാൽ പരമാവധി ബില്ലുകൾ എടുക്കാൻ ശ്രമിക്കാം.

2. അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2006–ലെ കേരള നെൽകൃഷി വികസന അതോറിറ്റി ബിൽ

ശ്രീ. എം. ഹംസ : 2006–ലെ കേരള നെൽകൃഷി വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ : പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേരളത്തിലെ നെൽക്കൃഷി മേഖലകളായ പാലക്കാട്, കുട്ടനാട്, തൃശൂർ–കോൾ നിലങ്ങളേയും പൊക്കാളി, കൈപ്പാട്, ഓണാട്ടുകര, വയനാട് തുടങ്ങിയ പ്രദേശങ്ങളിലെ നെൽക്കൃഷി സംരക്ഷണത്തെയും സമഗ്ര വികസനത്തെയും ഉദ്ദേശിച്ചുകൊണ്ടുള്ള ബില്ലാണിത്. നെൽക്കൃഷി നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാര മാർഗ്ഗം നിർദ്ദേശിക്കാനായി നിയോഗിച്ചിരുന്ന ഡോ. ശ്യാമസുന്ദരൻ നായർ കമ്മിഷൻ റിപ്പോർട്ടിന്റെ ശുപാർശകളിന്മേലുള്ള തുടർ നടപടികൾ നിർത്തിവയ്ക്കുകയുണ്ടായി. നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങളുടെ വിസ്തൃതിയിൽ വന്ന കുറവും കാർഷികേതരവും വാണിജ്യ

പരവുമായ ആവശ്യങ്ങൾക്കുവേണ്ടി പാടശേഖരങ്ങൾ പരിവർത്തന പ്പെടുത്തുന്നതും ഉടനടി കൈകാര്യം ചെയ്യേണ്ടവയാണ്. സമൂഹത്തെയും തദ്ദേശഭരണ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ച് നെല്ലുൽപ്പാദനം വർദ്ധിപ്പി ക്കുന്നതിന് പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് പാഡി ബോർഡ് രൂപീകരിക്കാനുള്ള നിർദ്ദേശം സർക്കാർ ഗൗരവമായി പരിശോധിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ ഈ ബിൽ പരിഗണിക്കണ മെന്ന് തോന്നുന്നില്ല.

ശ്രീ.എം.ഹംസ: കൂടുതൽ അരി ഭക്ഷണം കഴിക്കുന്ന കേരള സംസ്ഥാനത്തെ പ്രധാനപ്പെട്ട വിഷയമാണ് ഭക്ഷ്യ-ധാന്യ കമ്മി. 2004 മുതൽ നെല്ലുൽപ്പാദനത്തിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. നെല്ലുൽപ്പാദന രംഗത്ത് കേരളത്തെ പുരോഗതിയിലെത്തിക്കാൻ സഹായക മായ സമീപനമുണ്ടാകണം. നെല്ലുൽപ്പാദനം പരിസ്ഥിതിയെ സംരക്ഷിക്കുന്ന തോടൊപ്പം ഭൂഗർഭ ജലത്തിന്റെ സംരക്ഷണത്തിനും സഹായകമാകുമെന്നത് വസ്തുതയാണ്. 1970-ൽ സംസ്ഥാനത്തെ നെൽകൃഷി ഭൂമി 9 ലക്ഷം ഹെക്ടർ ആയിരുന്നത് 2002 ആയപ്പോൾ 3 ലക്ഷം ഹെക്ടറായും നെല്ലുൽപ്പാദനം 13 ലക്ഷം ടണ്ണിൽനിന്ന് 7 ലക്ഷം ടൺ ആയും കുറഞ്ഞു. ഒരു വർഷം 41 ലക്ഷം ടൺ നെല്ലെങ്കിലും ഉൽപ്പാദിപ്പിച്ച് കേരളത്തെ ഭക്ഷ്യ-ധാന്യക്കമ്മിയില്ലാത്ത സംസ്ഥാനമായി ഉയർത്തണം.

(ചർച്ച തുടരും)

(2) 2006-ലെ കേരള വൃദ്ധജന സംരക്ഷണ ബിൽ

ശ്രീ. എം. മുരളി: 2006-ലെ കേരള വൃദ്ധജന സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി സതീശൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സാമൂഹ്യപ്രശ്നം ഉൾക്കൊള്ളുന്ന ഈ ബിൽ ഗവൺമെന്റും ഭരണവകുപ്പും നിയമവകുപ്പും വളരെ ഗൗരവത്തോടുകൂടി പരിശോധിച്ചു. നിയമവകുപ്പ് ഈ ബില്ലിന്റെ ലെജിസ്ലേറ്റീവ് കോമ്പിറ്റൻസിയെക്കുറിച്ച് പരിശോധിച്ച് സഭയ്ക്ക് നിയമനിർമ്മാണം നടത്താനുള്ള പൂർണ്ണമായ അധികാരമുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഈ ബിൽ പ്രാബല്യത്തിൽ വരുമ്പോൾ ഒരു കോടി രൂപ അധികമായി സഞ്ചിതനിധിയിൽനിന്നും ചെലവഴിക്കേണ്ടിവരുമെന്നതിനാൽ ഭരണഘടനയുടെ 207-ാം ആർട്ടിക്കിൾ ക്ളാസ് 3 അനുസരിച്ച് ബഹുമാനപ്പെട്ട ഗവർണ്ണറുടെ ശുപാർശ ആവശ്യമായിട്ടുവരും. വൃദ്ധ ജനങ്ങളുടെ പുനരധിവാസവും സംരക്ഷണവും ക്ഷേമവും കാലിക പ്രസക്തിയും അർജൻസിയും നയപരമായ പ്രശ്നമായിക്കണ്ട് അതിന് പരിഹാരം കാണാനുതകുന്ന ബൃഹത്തായ, സൃഷ്ടിപരമായ, നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന വയോജന നയത്തിന്റെ കരട് മന്ത്രിസഭയുടെ വിശദമായ പരിശോധനയിലാണ്. മുതിർന്ന പൗരൻമാരെ സഹായിക്കാൻവേണ്ടി വൃദ്ധ സദനങ്ങളുണ്ട്. സന്നദ്ധ സംഘടനകളും സർക്കാരുമൊക്കെ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കളുടെ പേരിൽ നിയമ നടപടികൾവരെ സ്വീകരിക്കാൻ കഴിയത്തക്ക നിലയിലുള്ള ഒരു നയത്തിന് വിധേയമായിട്ടുള്ള ഒരു നിയമനിർമ്മാണമാണ് ആവശ്യം.

ശ്രീ. എം. മുരളി: ഒരു വൃദ്ധനയം കൊണ്ടുവരുമെന്ന ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ അഭിപ്രായത്തെ സ്വാഗതം ചെയ്യുന്നു.

നിയമനിർമ്മാണത്തിലൂടെ മാത്രമേ വൃദ്ധജനങ്ങൾക്ക് ഭരണഘടന നൽകുന്ന ഉറപ്പും സാമൂഹ്യ സുരക്ഷയും പരിഷ്കൃത രാജ്യങ്ങളിലെല്ലാമുള്ള സംരക്ഷണവും ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. സംസ്ഥാനത്ത് ഇന്ന് 38 ലക്ഷം വൃദ്ധജനങ്ങളാണുള്ളത് ഭാവിയിൽ കേരളത്തിൽ വൃദ്ധജനങ്ങളുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കും. വൃദ്ധജനങ്ങളുടെ സംരക്ഷണം ഭരണ ഘടനാപരമായ ബാദ്ധ്യതയാണ്. കേന്ദ്ര ഗവണ്മെന്റ് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ദീർഘവീക്ഷണത്തോടുകൂടിയുള്ള ചില സമീപന ങ്ങൾ നമ്മൾ സ്വീകരിച്ചേ മതിയാകു എന്നുള്ളതുകൊണ്ടാണ് ഈ ബിൽ നിയമസഭയുടെ പരിഗണനയിൽ കൊണ്ടുവന്നിട്ടുള്ളത്. അണുകുടുംബങ്ങൾ വന്നതോടെ വൃദ്ധജനങ്ങളുടെ സംരക്ഷണം ഒരു സാമൂഹ്യപ്രശ്നമായി മാറി യിരിക്കുകയാണ്. 125 വൃദ്ധസദനങ്ങൾ കേരളത്തിലുണ്ട്. 100 കോടി രൂപ ചെലവഴിച്ച് വൃദ്ധജനങ്ങൾക്ക് ഏഴ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണ്. പക്ഷേ അതുകൊണ്ടൊന്നും കേരളത്തിൽ വാർദ്ധക്യ ത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നില്ലെന്നുള്ളതുകൊണ്ടാണ് നിയമപര മായ പരിരക്ഷ അവർക്ക് കൊടുക്കണമെന്ന് ഈ ബില്ലിലൂടെ വ്യവസ്ഥ ചെയ്യുന്നത്. മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ജെറിയാട്രിക്സിൽ പരിശീലനം നേടിയ ഡോക്ടർമാരും ജെറിയാട്രിക്സ് ഡിപ്പാർട്ടുമെന്റും ഉണ്ടാകണം. വൃദ്ധനയം ആവിഷ്ക്കരിക്കുമ്പോൾ ഭാവിയിൽ ഒരു നിയമനിർമ്മാണത്തിന് ഗവൺ മെന്റിനെ പ്രേരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ വിഷയം ഇവിടെ അവതരിപ്പിക്കുന്നത്.

(ചർച്ച തുടരും)

(3) 2006-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ബിൽ

ശ്രീ. എം. മുരളി: 2006-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേരള പിറവിക്കുശേഷം, 1957 മുതൽ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഭരണപരമായ ഏറ്റവും സുപ്രധാനമായ ഒരു വിഷയമാണ് ഈ ബില്ലിന് ആധാരമായിട്ടുള്ളത്. ഇത് നിയമസഭയുടെ അധികാരപരിധിക്കുള്ളിൽ വരുന്ന വിഷയമാണെന്ന നിലയിൽ സംസ്ഥാനത്തിനുതന്നെ കൈകാര്യം ചെയ്യാനും തീരുമാനങ്ങളെടുക്കാനും നിയമ നിർമ്മാണം നടത്താനുമുള്ള അവകാശം ഉണ്ട്. കേരളത്തിന്റെ 50 വർഷത്തെ ചരിത്രം പരിശോധിക്കുമ്പോൾ ഇ.എം.എസ്. ചെയർമാനായിട്ടുള്ള ഭരണപരിഷ്ക്കാര കമ്മിറ്റി റിപ്പോർട്ടും 1967-ലെ വെള്ളോടി കമ്മീഷൻ റിപ്പോർട്ടും അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായുള്ള സെൻ കമ്മിറ്റി റിപ്പോർട്ടും ലഭ്യമായിട്ടുണ്ട്. കേരള സംസ്ഥാനത്ത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഭരണനിർവ്വണ സംവിധാനം മികവുറ്റതാക്കുന്നതിനും അഖിലേൻഡ്യാ തലത്തിൽ സ്വീകാര്യമായ ഘടനയുടെ രീതിയിൽ സംസ്ഥാനത്ത് ഒരു നിയമം ആവശ്യമാണ്. സ്റ്റേറ്റ് സിവിൽ സർവ്വീസ് സംബന്ധിച്ച് ചർച്ചകൾ നടത്തി നയപരമായ തീരുമാനങ്ങൾ സ്വീകരിക്കണം. സർവ്വീസ് സംഘടനകളുമായി ഇതു സംബന്ധിച്ച് ചർച്ച നടന്നുവരികയാണ്. ഇത് സർക്കാരിന്റെ സജീവ പരിഗണനയിലിരിക്കുന്ന ഒരു വിഷയമാണ്. തികച്ചും ഭരണപരമായും നയപരമായും ഏറ്റവും പ്രധാനപ്പെട്ട വിഷയമെന്ന നിലയിൽ ഇതിനെ കണ്ടു

കൊണ്ട് ഒരു നിയമനിർമ്മാണത്തിലേയ്ക്ക് കടക്കുക എന്നതാണ് അഭികാമ്യ മായ കാര്യം. അതുകൊണ്ട് ബിൽ ഈ രൂപത്തിൽ അംഗീകരിക്കാൻ നിർവ്വാഹമില്ല.

ശ്രീ. എം. മുരളി: 1955–ലാണ് ആൾ ഇൻഡ്യാ സർവ്വീസസ് ആക്റ്റ് പാർലമെന്റ് അംഗീകരിച്ച് ഐ.എ.എസ് സംവിധാനം രാജ്യത്തുണ്ടാക്കിയത്. ബ്രിട്ടീഷുകാരുടെ ഭരണ സംവിധാനം ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസായി മാറി. അതിനെത്തുടർന്ന് ഹിമാചൽ പ്രദേശമുൾപ്പെടെയുള്ള നിരവധി സംസ്ഥാനങ്ങളിൽ ഐ.എ.എസ്–ന്റെ കീഴിൽ ഭരണരംഗത്ത് നൈപുണ്യമുള്ളവരെ വിന്യസിച്ചുകൊണ്ടുള്ള സംവിധാനമുണ്ടായി. ഭരണ രംഗത്തും ക്ഷേമപ്രവർത്തനങ്ങളിലും വികസന പ്രവർത്തനങ്ങളിലുമൊക്കെ ഭാരതത്തിനും ലോകത്തിനും മാതൃക കാണിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ഇ.എം.എസ്. ചെയർമാനായി ഉണ്ടാക്കിയ ഭരണപരിഷ്ക്കാര കമ്മിറ്റിയും വെള്ളോടി ചെയർമാനായിട്ടുള്ള കമ്മിറ്റിയും സെൻ കമ്മിറ്റി യുമെല്ലാം മുന്നോട്ടുവച്ച ആശയത്തിന് നിയമപ്രാബല്യം നൽകണമെന്ന ലക്ഷ്യത്തോടെയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. സെക്രട്ടേറിയറ്റ് തലം മുതൽ വാർഡ് തലം വരെ സൽഭരണമുണ്ടാകണമെങ്കിൽ ഉദ്യോഗസ്ഥ സംവിധാനം മികവുറ്റതാക്കണം. സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ആശങ്കയ്ക്ക് കാരണമായ ഈ ബില്ലിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചി ക്കണം. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുൾപ്പെടെ നൈപുണ്യമുള്ള പ്രഗൽഭരെ ഈ പുതിയ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് റിക്രൂട്ട് ചെയ്തു കൊണ്ട് വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ ശക്തമായ ഒരു ഉദ്യോഗസ്ഥ ശ്രേണി ഉണ്ടാക്കാനാണ് ഈ ബില്ലിലൂടെ വിഭാവന ചെയ്യുന്നത്.

(ചർച്ച തുടരും)

(4) 2006–ലെ കേരള കർഷക പെൻഷൻ ക്ഷേമനിധി ബിൽ

ശ്രീ. എം. മുരളി: 2006–ലെ കേരള കർഷക പെൻഷൻ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് : പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ഗവൺമെന്റ് നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോവുകയാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിലെ കാർഷിക മേഖലയിൽ ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും വമ്പിച്ച കുറവുണ്ടായി. കർഷകരുടെ ജീവിതം വലിയ വൈതരണിയിൽപ്പെടുകയും മിക്കവാറും കുടുംബങ്ങൾ കടത്തിലാവുകയും ചെയ്ത സന്ദർഭത്തിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനും കർഷകന്റെ കടത്തിന് മൊറോട്ടോറിയം പ്രഖ്യാപിക്കാനും അവർ കൊടുക്കാനുള്ള കടത്തിന്റെ പലിശ കുറയ്ക്കാനും കാർഷിക കടങ്ങളെക്കുറിച്ച് സമഗ്രപഠനം നടത്തി പരിഹാരമുണ്ടാക്കുന്നതിനുമായി ഈ സഭയിൽത്തന്നെ കഴിയുമെങ്കിൽ കാർഷിക കടാശ്വാസ കമ്മീഷൻ നിയമമാക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം പദ്ധതികളുടെ വിജയകരമായ നടത്തിപ്പിനുള്ള ജനകീയ സംരംഭങ്ങൾക്ക് രൂപം കൊടുത്തുകൊണ്ടിരിക്കുന്ന സമയത്ത് ഇത്തരമൊരു ബില്ലിന്റെ ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

ശ്രീ. എം. മുരളി: നേരത്തെ അവതരിപ്പിച്ച ബില്ലുകൾക്ക് പാർലമെന്ററി കാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽനിന്ന് തികച്ചും വ്യത്യസ്തമായ സമീപനമാണ് കേരള കർഷക ക്ഷേമനിധി ബില്ലിനോട് കൃഷി വകുപ്പുമന്ത്രി സ്വീകരിച്ചിട്ടുള്ളത്. കാർഷിക കേരളം ഒരു ദുരന്തം നേരിടുന്നു എന്നു

മാത്രമല്ല, കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുകയുമാണ്. കർഷകർ കടബാദ്ധ്യതയിൽ കുടുങ്ങി ഏറ്റവും കൂടുതൽ ദുരന്തം നേരിട്ടു കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഇത്തരമൊരു ബിൽ സഭയുടെ പരിഗണനയ്ക്ക് വരുമ്പോൾ അതിന്റെ ആവശ്യമില്ലെന്ന കൃഷി വകുപ്പുമന്ത്രിയുടെ നിലപാടിനോട് യോജിക്കാൻ കഴിയുകയില്ല. ചെറുകിട നാമമാത്ര കർഷകരെ സംരക്ഷിക്കണമെന്ന ആഗ്രഹവും ആശങ്കയുമാണ് ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12. 30 –ന് പിരിഞ്ഞു.

-------------------------

4–10–2006–ന് മുഖ്യമന്ത്രി റൂൾ 300 അനുസരിച്ച് നടത്തിയ പ്രസ്താവനയുടെ തിരുത്തൽ വരുത്തിയ പകർപ്പ് ഇന്നേ ദിവസം സഭയിൽ വിതരണം ചെയ്തു.